श्री चित्रा तिरुनाल आयुर्विज्ञान और प्रौद्योगिकी संस्थान, तिरुवनन्तपुरम – 695 011, केरल, भारत
SREE CHITRA TIRUNAL INSTITUTE FOR MEDICAL SCIENCES AND TECHNOLOGY
THIRUVANANTHAPURAM – 695 011, KERALA, INDIA
(An Institute of National Importance under DST ; Government of India)
(भारत सरकार के अधीन एक राष्ट्रीय महत्व का संस्थान)
www.sctimst.ac.in

**Press Release**

# ലോക പരിസ്ഥിതി ദിനത്തിൽ നഷ്ടപെട്ട "കാവ്" പുനര്ജീവിപ്പിച്ചു മാതൃകയായി ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് :

**ആസാദി കാ മഹോത്സാവ്  'ഇന്ത്യ @ 75 @ SCTIMST ' ആഘോഷങ്ങളുടെ ഭാഗമായി ജൂൺ അഞ്ചിന്, ശ്രീ ചിത്ര തിരുനാൾ ഇന്സ്ടിട്യൂട്ടിൽ "കാവ്" പുനര്ജീവിപ്പിച്ചു കൊണ്ട്, ലോക പരിസ്ഥിതി ദിനം ആചരിച്ചു.**

ശ്രീ ചിത്രയുടെ പൂജപ്പുര ക്യാമ്പസിൽ, പാലസ് പരിസരത്തു ആണ് ദശാബ്ദങ്ങൾക്കു മുൻപ് നശിച്ചു പോയ. ജൈവവൈവിധ്യത്തിന്റെ ചെറു മാതൃക ആയ 'കാവ്' പുനഃസൃഷ്ടിക്കുവാൻ, ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ സുപ്രണ്ട് പ്രൊഫസർ രൂപ ശ്രീധർ വൃക്ഷത്തൈ നട്ടു കൊണ്ട് ഉദ്ഘാടനം ചെയ്തത്. മനുഷ്യൻറെ ഇടപെടലും ചൂഷണങ്ങളും അനുവദിക്കാതെ, പ്രകൃതിദത്തമായ ആവാസവ്യവസ്ഥ

കഴിയുന്നതും ഉറപ്പാക്കണമെന്ന് പ്രൊഫസർ രൂപ ശ്രീധർ ചടങ്ങിൽ ഓർമിപ്പിച്ചു

ഭാരതത്തിനു സ്വാതന്ത്ര്യം ലഭിച്ചതിന്റെ എഴുപത്തിയഞ്ചാം വാർഷികത്തിന്റെ സ്മരണക്കായി എഴുപത്തിയഞ്ച് വൃക്ഷത്തൈകൾ പൂജപ്പുര ക്യാമ്പസ്സിന്റെ വിവിധ ഭാഗങ്ങളിലും , ആശുപത്രി - പബ്ലിക് ഹെൽത്ത് ക്യാമ്പസ് എന്നിവിടങ്ങളിലും വച്ച് പിടിപ്പിച്ചു.

ശ്രീ ചിത്ര പൂജപ്പുര ബിഎംടി വിഭാഗം മേധാവി Dr ഹരികൃഷ്ണ വർമ്മ, , ആസാദി കാ മഹോത്സാവ് സംയോജിക പ്രൊഫസർ ആശാലത, അച്യുത മേനോൻ പബ്ലിക് ഹെൽത്ത് മേധാവി Dr ശങ്കര ശർമ്മ, ഫാക്കൽറ്റി ആയ DR മഞ്ജു , DR രവിപ്രസാദ് വർമ്മ , AMO Dr രാഹുൽ നമ്പ്യാർ എന്നിവർ നേതൃത്വം നൽകി.

ശ്രീ ചിത്രയിലെ വിവിധ സംഘടനകൾ ചടങ്ങിൽ വൃക്ഷതൈകൾ നട്ടു കൊണ്ട് പങ്കെടുത്തു. NGO സംഘ് സംഘടിപ്പിച്ച ചടങ്ങിൽ ഭൂപോഷണ അഭിയാൻ സംസ്ഥാന സംയോജകനായ ശ്രീ സി സി സെൽവൻ പരിസ്ഥിതി സന്ദേശം നൽകി. ശ്രീ ചിത്ര SBF , ശ്രീ ചിത്ര നേച്ചർ ക്ലബ്, ഫയർ ആൻഡ് സേഫ്റ്റി വിഭാഗം, വിവിധ സംഘടനാ ഭാരവാഹികൾ, നഴ്സിംഗ് വിഭാഗം , ട്രാൻസ്പോർട് വിഭാഗം , മറ്റു ജീവനക്കാർ എന്നിവർ കോവിഡ് പ്രോട്ടോകോൾ പാലിച്ചു കൊണ്ട് ചടങ്ങിൽ പങ്കെടുത്തു

DST@ 1971-2021 विज्ञान एवं प्रौद्योगिकी विभाग DEPARTMENT OF SCIENCE & TECHNOLOGY